"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ- മലപ്പുറം- ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്- ശ്രീ അബ്ദുൾ ഹമീദ്. കെ ഫയൽ ചെയ്ത WP(C) NO. 32653/2022 കേസിലെ ബഹു. ഹൈക്കോടതിയുടെ 14.10.2022ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

G.O.(Rt) No.164/2023/LSGD തിരുവനന്തപുരം, തീയതി: 19-01-2023

---

പരാമർശം:-

1. ശ്രീ അബ്ദുൽ ഹമീദ്.കെ സമർപ്പിച്ച 26.09.2022 ലെ നിവേദനം.
2. ബഹു.ഹൈക്കോടതിയുടെ WP(C) No. 32653/2022 കേസിലെ 14.10.2022ലെ വിധിന്യായം.
3. ചീഫ് ടൗൺ പ്ലാനറുടെ 02.01.2023ലെ TCPCTP/2661/2022-E3 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എയ്ഡഡ് സ്കൂളായ പടിഞ്ഞാറേക്കര എ.എം.എൽ.പി സ്കൂളിന്റെ പുതിയ കെട്ടിടനിർമ്മാണം നടത്തുന്നതിനായി അക്സസ് റോഡ് വിഡ്ത്തിൽ ഇളവനുവദിക്കുന്നത് സംബന്ധിച്ച് സ്കൂൾ മാനേജർ ശ്രീ.അബ്ദുൾ മജീദ്.കെ ഫയൽ ചെയ്ത WP(C) No. 32653/2022 കേസ് തീർപ്പാക്കിക്കൊണ്ടുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (2) ലെ വിധിന്യായത്തിൽ ടി കേസിലെ ഒന്നാം എതിർകക്ഷിയായ സർക്കാർ, പരാമർശം (1) പ്രകാരമുള്ള അപേക്ഷ 3 മാസത്തിനകം നിയമാനുസൃതമായി പരിഗണിക്കുന്നതിനും ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. പ്രസ്തുത സ്കൂളിലേക്ക് 2.4 മീ വീതിയുള്ള വഴിയിലൂടെയാണ് നിലവിൽ പ്രവേശിക്കാൻ കഴിയുന്നത്. ടി സ്കൂളിന്റെ നിലവിലുള്ളതും നിർദ്ദിഷ്ടങ്ങളുമായ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 1500 ച.മീറ്ററിൽ കുറവാണ്. ടി നിർമ്മാണത്തിന് കെ.പി.ബി.ആർ 2019 ചട്ടം 28(1) പ്രകാരം 3.6 മീ അക്സസ് വീതി ആവശ്യമുള്ളതുമാണ്. കെ.പി.ബി.ആർ 2019 ചട്ടം 28(1) പ്രൊവിസോ 13 പ്രകാരം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉൾപ്പെടെ നിലവിലുള്ളതും നിർദ്ദിഷ്ടങ്ങളുമായ സ്കൂൾ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 5000 ച.മീ അധികരിക്കാത്ത പക്ഷം 3.6 മീ വഴി വീതി മതിയാകുന്നതാണ്. അതേ സമയം, സ്ഥലപരിശോധനയിൽ സ്കൂളിലേക്കുള്ള 2.4 മീ വീതിയുള്ള വഴി ധാരാളം ദുർബല വിഭാഗങ്ങൾ തിങ്ങി പാർക്കുന്ന കോളനിക്കു സമീപത്തു കൂടിയായതിനാൽ വഴി വീതി കൂട്ടുന്ന കാര്യം പ്രായോഗികമല്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതായും, എന്നാൽ സ്കൂളിന് വടക്ക് പടിഞ്ഞാറ് ഭാഗത്തുള്ള വഴി വീതി കൂട്ടി നല്ല റോഡാക്കി മാറ്റുന്നതിന് വിഭാവനം ചെയ്യാവുന്നതാണെന്നും പ്രസ്തുത റോഡ് പ്രധാന റോഡിലേക്കെത്തുന്നതിന് ദൂരവും കുറവാണെന്നും നിലവിൽ സ്കൂളിലേക്കെ ത്തുന്ന 2.4 മീ വീതിയുള്ള റോഡ് അടിയന്തിര സാഹചര്യത്തിൽ

വാഹനം കടന്നു പോകുവാൻ ബുദ്ധിമുട്ടുള്ളതാണെന്നും പരാമർശം (3) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. എയ്ഡഡ് വിഭാഗത്തിലുള്ള സ്കൂൾ കെട്ടിടങ്ങൾക്ക് കെ.പി.ബി.ആർ 2019 ചട്ടം 3(4)(ബി) പ്രകാരം സർക്കാരിൽ നിന്ന് ഇളവ് അനുവദിക്കാവുന്നതാണ് എന്നിരിക്കേ, പ്രസ്തുത നിർമ്മാണത്തിന് സർക്കാരിൽ നിന്നും ഇളവ് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷ ജില്ലാ ടൗൺ പ്ളാനർ മുൻപാകെ ഓഫീസിൽ സമർപ്പിച്ചിട്ടില്ലെന്നും ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു. മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് വിദ്യാലയമായ പടിഞ്ഞാറേക്കര AMLP സ്കൂളിന്, പുതിയ കെട്ടിടനിർമ്മാണം നടത്തുന്നതിലേയ്ക്ക് പെർമിറ്റ് ലഭിക്കുന്നതിനായി ആക്സസ് റോഡ് വിഡ്ത്തിൽ നിന്നും, കെ.പി.ബി.ആർ 2019 ചട്ടം 3(4)(ബി) പ്രകാരം സർക്കാരിൽ നിന്ന് ഇളവ് അനുവദിക്കുന്നതിനായി, ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷ മലപ്പുറം ജില്ലാ ടൗൺ പ്ളാനർ മുഖേന സമർപ്പിക്കുവാൻ അപേക്ഷകനോട് നിർദ്ദേശിക്കുന്നു.

5. അപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LIZYMOL E

DEPUTY SECRETARY

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ,കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)

ശ്രീ അബ്ദുൾ ഹമീദ്.കെ, കരുണിയൻ(H), ഒതുക്കുങ്ങൽ P.O, മലപ്പുറം. 676 528

സെക്രട്ടറി, ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ജില്ലാ ടൗൺ പ്ലാനർ, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് എ&ഇ)കേരളം, തിരുവനന്തപുരം.

✓ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

(ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Suja S K
സെക്ഷൻ ഓഫീസർ
Date: 19-01-2023 16:17:49